## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3326 | 14.07.2015-ലെ മറുപടിയ്ക്ക് |
|---|---|

### ഭക്ഷ്യോല്പന്നങ്ങളുടെ അമിത വിലയും വ്യാപാരികളുടെ ചൂഷണവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.കെ.എസ്.സലീഖ** | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ വരുന്ന ഭക്ഷ്യോല്പന്നങ്ങൾ ഏതെല്ലാം ; അല്ലാത്തവ ഏതെല്ലാം ; വിപണനക്കാർ പായ്ക്കറ്റുകളിൽ അമിത വില പ്രിന്റ് ചെയ്ത് അമിതലാഭം ഉണ്ടാക്കുന്നതായി പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ 2011-12 മുതൽ 2014-15 വരെ ഓരോ വർഷവും കണ്ടെത്തിയ ഉല്പന്നങ്ങൾ ഏതെല്ലാം ; നിർമ്മാതാക്കൾ ആരെല്ലാം ; ഫൈൻ ആയി ലഭിച്ച തുക എത്ര ; വ്യക്തമാക്കുമോ ; | (എ) | എല്ലാത്തരം ഭക്ഷ്യോല്പന്നങ്ങളും കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ വരുന്നതാണ്. ഹോട്ടലുകളിലും കച്ചവടസ്ഥാപനങ്ങളിലും വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് മാത്രമായും പോലീസ്, ആരോഗ്യം റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്ന് പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of price by Catering Establishment) Order, 1977 ലെയും 1980 ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and stocks) Order പ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | എം.ആർ.പി യേക്കാൾ കൂടുതൽ വില ഈടാക്കിയാലുള്ള ശിക്ഷയെന്താണ്; സംസ്ഥാനത്ത് ഇത്തരം എത്ര കേസ്സുകൾ 2011-12 മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; യഥാർത്ഥ വിലയേക്കാൾ കൂടുതൽ പ്രിന്റ് ചെയ്ത് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്ത് നടപടി | (ബി) | എം.ആർ.പി യേക്കാൾ കൂടുതൽ വില ഈടാക്കിയാൽ 2000/- രൂപ വരെ പിഴ ഈടാക്കുന്നതിന് ലീഗൽ മെട്രോളജി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2011-12 മുതൽ നാളിതുവരെ ആകെ 1364 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എം.ആർ.പി യേക്കാൾ കൂടുതൽ വില ഈടാക്കിയാൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലോ ഉപഭോക്തൃ |

| | | | |
|---|---|---|---|
| | സ്വീകരിച്ച ; വ്യക്തമാക്കുമോ ; | | തർക്ക പരിഹാര ഫോറങ്ങളിലോ പരാതി നൽകാവുന്നതാണ്. ഉപഭോക്തൃ സംരക്ഷണ നിയമം 1986 ന്റെ അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സുകൾ വിഷയ വിദഗ്ധരെ ഉൾപ്പെടുത്തി സംഘടിപ്പിക്കാറുണ്ട്. കൂടാതെ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ വഴി വിദ്യാർത്ഥികളിൽ ബോധവത്ക്കരണവും നടത്തിവരുന്നു. |
| (സി) | വ്യാപാരികൾ വകുപ്പിന് റിട്ടേൺ സമർപ്പിക്കുന്നത് പാക്കറ്റു വിലയനുസരിച്ചാണോ ബില്ലു വിലയനുസരിച്ചാണോ എന്നും ബില്ലനുസരിച്ചാണെങ്കിൽ ഇതുവഴി ഇവർ ഉപഭോക്താക്കളെ കബളിപ്പിക്കുന്നതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ച എന്നും വ്യക്തമാക്കുമോ ; | (സി) | വില്പന വിലയനുസരിച്ചാണ് വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്നത്. |
| (ഡി) | വ്യാപാരികളുടെ ചൂഷണം തടയുന്നതിനായി ബില്ലിൻപ്രകാരമുള്ളതും നികുതി കൂടെ ഉൾപ്പെടുത്തിയതുമായ വില വ്യാപാരസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കാനും അതുവഴി അഴിമതി ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കെതിരെ ജില്ലാ കളക്ടർ തലത്തിൽ നോട്ടീസ് നൽകുകയും നിയമപരമായ നടപടി സ്വീകരിച്ച് പിഴ ഈടാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**